## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 411

04.06.2018 — ൽ മറുപടിക്ക്

# ഇ-പോസ് മെഷീനുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ജി. എസ്. ജയലാൽ : | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ റേഷൻ കടകളിൽ പുതുതായി സ്ഥാപിച്ചിട്ടുള്ള ഇ-പോസ് മെഷീനുകൾ, കുറ്റമറ്റ രീതിയിൽ റേഷൻ വിതരണം നടത്തുന്നതിന് എത്രത്തോളം പ്രയോജനപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് മുഴുവൻ റേഷൻ കടകളിലും 2018 മെയ് മാസത്തിൽ ഇ-പോസ് വഴിയുള്ള റേഷൻ വിതരണം പൂർത്തിയാക്കി. ഇത് കൃത്യതയും സുതാര്യതയും ഉറപ്പ വരുത്തുന്നതിന് ഏറെ സഹായിച്ചു എന്നാണ് വിലയിരുത്തൽ. |
| (ബി) | ഇ-പോസ് മെഷീനുകളിൽ ഉപഭോക്താക്കളുടെ വിരലടയാളം പതിയാത്ത സാഹചര്യങ്ങളിൽ വിരലടയാളം പതിക്കാതെതന്നെ അർഹരായ ഉപഭോക്താക്കൾക്ക് റേഷൻ സാധനങ്ങൾ ലഭിക്കുവാനും ഇ-പോസ് മെഷീന്റെ മറ്റ് സാങ്കേതിക ന്യൂനതകൾ കാരണം ഉപഭോക്താവിന് റേഷൻ സാധനങ്ങൾ ലഭിക്കാതെ വരുന്ന സാഹചര്യം ഒഴിവാക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | ആധാർ ഇല്ലാത്തവർക്കും വിരലടയാളം പതിച്ച് ആതന്റിക്കേഷൻ പരാജയപ്പെടുന്നവർക്കും റേഷൻ വിതരണം നടത്തുന്നതിന് സംവിധാനം ഉണ്ട്. ആധാർ പരാജയപ്പെടുകയാണെങ്കിൽ OTP (One Time Password) മുഖേന ആതന്റിക്കേറ്റ് ചെയ്യുന്നതിനും അതും പരാജയപ്പെടുകയാണെങ്കിൽ ആതന്റിക്കേറ്റ് ചെയ്യാതെ തന്നെ റേഷൻ വിതരണം ചെയ്യുന്നതിനും സാധിക്കും. കണക്റ്റിവിറ്റി ലഭ്യമല്ലാത്ത ഇടങ്ങളിൽ ഇ-പോസ് മുഖേനയല്ലാതെ പഴയ രീതിയിൽ റേഷൻ വിതരണം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. സാങ്കേതിക തകരാറുകൾ വരികയാണെങ്കിൽ അടിയന്തിരമായി അറിയിക്കുന്നതിന് കാൾ സെന്റർ രൂപീകരിച്ചിട്ടുണ്ട്. അടിയന്തിരമായി പ്രശ്നം പരിഹരിക്കുന്നതിന് താലൂക്ക് തലത്തിൽ സർവ്വീസ് എൻജിനീയർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ